LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി നിർവ്വഹണം, ബന്ധപ്പെട്ട വിഷയങ്ങളിൽ തീർപ്പുണ്ടാക്കൽ എന്നിവ ത്വരിതപ്പെടുത്തുന്നതിനായി സാമ്പത്തിക അധികാരം ഭരണ വകുപ്പിനും വകുപ്പ് തലവന്മാർക്കും ഏൽപ്പിച്ച് നൽകിക്കൊണ്ട് 7-8-2017-ൽ ജി.ഒ.(പി)നമ്പർ 102/2017/ഫിൻ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ അധികാരങ്ങളിൽ, മരംമുറിച്ചുമാറ്റുന്നത് ഉൾപ്പെടെയുള്ള ചില കാര്യങ്ങളിൽ തീരുമാനമെടുക്കാൻ അതാത് തദ്ദേശ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ഈസ് ഓഫ് ലിവിംഗ് സർവ്വേ

299 (1665) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാനുകൂല്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ സർക്കാർ സംവിധാനങ്ങൾ പരാജയമാണെന്ന് ആക്ഷേപം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗ്രാമീണ കുടുംബങ്ങൾക്ക് പ്രത്യേക ആനുകൂല്യം നൽകുന്ന കേന്ദ്രപദ്ധതിയുടെ ഭാഗമായുള്ള ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ഈസ് ഓഫ് ലിവിംഗ് സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ:- സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹകരണത്തോടെ സർവ്വേ നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് മുഖ്യ ചുമതല നൽകി. സർവ്വേ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പ് തലവന്മാരെ ഉൾപ്പെടുത്തി ഏകോപന സമിതി രൂപീകരിച്ചു. സംസ്ഥാന, ജില്ല, ബ്ലോക്ക് തലങ്ങളിൽ ഗവേണിംഗ് സെല്ലുകൾ രൂപീകരിച്ചു. ജനപ്രതിനിധികൾ, കുടുംബശ്രീ, വാർഡുതല ശുചിത്വ സമിതി മുതലായ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള സർവ്വേ വിവര ശേഖരണത്തിനുള്ള പൂർണ്ണ ചുമതല ഗ്രാമവികസന വകുപ്പിലെ വില്ലജ് എക്സ്റ്റെൻഷൻ ഓഫീസർമാർക്ക് നൽകി. പൂരിപ്പിച്ച ചോദ്യാവലികൾ സർവ്വേ പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള ചുമതല സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർമാർക്ക് നൽകി 14 ജില്ലകളിലും ഫീൽഡ് തല സർവ്വേ പൂർത്തിയായിട്ടുണ്ട് 74 ശതമാനം ഡാറ്റാ അപ്ലോഡിംഗ് പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വേ നടപടികൾ ജൂലൈ 31-നകം പൂർത്തിയാക്കുന്നതാണ്.

(സി) നിലവിലെ കോവിഡ് സാഹചര്യത്തിൽ സർവ്വേ യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നാൽ കേന്ദ്രാനുകൂല്യം നഷ്ടപ്പെടാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതുസംബന്ധിച്ചുള്ള കേന്ദ്രനിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സർവ്വേ യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.

തെരുവുനായ ആക്രമണങ്ങൾ

300 (1666) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2019, 2020, 2021 എന്നീ വർഷങ്ങളിൽ എത്ര തെരുവുനായ ആക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്; ഇതിൽ എത്ര പേർ മരിച്ചിട്ടുണ്ട്?

സംസ്ഥാനത്ത് നഗരസഭാ പ്രദേശങ്ങളിൽ 2019-ൽ 249 പേരും 2020-ൽ 212 പേരും 2021 ജൂലായ് 26 വരെ 84 പേരും തെരുവുനായകളുടെ ആക്രമണത്തിന് വിധേയരായിട്ടുണ്ട്. നഗരസഭാ പ്രദേശങ്ങളിൽ ഈ വർഷങ്ങളിൽ തെരുവുനായകളുടെ ആക്രമണത്തിൽ ആരും മരണമടഞ്ഞിട്ടില്ല. സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിൽ 2019 മുതൽ 2021 വരെ 1338 പേർ തെരുവുനായകളുടെ ആക്രമണത്തിന് വിധേയരാകുകയും അതിൽ 5 പേർ മരണമടയുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.